ഭരണഭാഷ — മാതൃഭാഷ

നമ്പർ.സി.1/20363/റ്റി.സി./2015

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി,23.09.2015

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/
അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ചെക്ക് പോസ്റ്റ്.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — കാരാവാൻ/ക്യാംപർ വാനുകളുടെ രജിസ്ട്രേഷൻ — സംബന്ധിച്ച്.

സൂചന :-

കാരാവാൻ/ക്യാംപർ ട്രെയിലറുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ചില ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായി പൊതുജനങ്ങളിൽ നിന്ന് പരാതികൾ ലഭിക്കുന്നുണ്ട്. ആയതിനാൽ, മേൽ വാഹനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

എ. കാരാവാനുകളും ക്യാമ്പിംഗ് ട്രെയിലറുകളും ഫുള്ളി ബിൽറ്റ് വാഹനങ്ങളായി വാഹന നിർമ്മാതാക്കളിൽ നിന്നോ വാഹന ഡീലർമാരിൽ നിന്നോ നേരിട്ട് വാങ്ങി ഉടമസ്ഥർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ, ടി വാഹനങ്ങൾക്ക് കേന്ദ്ര മോട്ടോർ വാഹന ചട്ടം 126 അനുസരിച്ച് ഏതെങ്കിലും കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്ന് പ്രോട്ടോ ടൈപ്പ് അപ്രൂവൽ ലഭിച്ചിട്ടുണ്ട് എന്ന് രജിസ്ട്രേഷന് മുൻപ് ഉറപ്പ് വരുത്തേണ്ടതാണ്.

ബി. പാസഞ്ചർ വാഹനങ്ങളുടെ ചാസിസ് എടുത്ത് കാരാവാൻ/ ക്യാംപർ ട്രെയിലർ ആയി ബോഡി ബിൽറ്റ് ചെയ്ത ശേഷം രജിസ്റ്റർ ചെയ്യാവുന്നതാണ്.

സി. കൂടുതൽ സീറ്റിംഗ് കപ്പാസിറ്റിയുള്ള ടെംപോ ട്രാവലർ പോലെയുള്ള കോൺട്രാക്ട് കാര്യേജ്, പി.എസ്.വി. ഫോർ പേർസണൽ യൂസ് തുടങ്ങിയ വാഹനങ്ങൾ സീറ്റുകളുടെ എണ്ണം ക്രമീകരിച്ച് കാരാവാൻ/ ക്യാമ്പിംഗ് ട്രെയിലർ ആയി രജിസ്റ്റർ ചെയ്യുവാൻ അപേക്ഷിച്ചാൽ പരിഗണിക്കാവുന്നതാണ്.

ഡി. മേൽ പറഞ്ഞ തരത്തിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ കേന്ദ്ര സർക്കാരിന്റെ 05.11.2004-ലെ എസ്.ഒ. നമ്പർ. 1248(ഇ) എന്ന നോട്ടിഫിക്കേഷൻ പ്രകാരം, കാരാവാനിന്

നൽകിയിട്ടുള്ള നിർവ്വചനത്തിൽ താഴെ പറയുന്ന സജ്ജീകരണങ്ങൾ വാഹനത്തിൽ ഉണ്ടായിരിയ്ക്കേണ്ടതാണ്.

(1) വാഹനം എം. കാറ്റഗറിയിൽ പെടുന്നതായിരിയ്ക്കണം.

(2) വാഹനത്തിൽ സീറ്റുകളും ടേബിളും ഉണ്ടായിരിയ്ക്കണം. സീറ്റുകളുടെ എണ്ണം 9-ൽ കൂടുവാൻ പാടുള്ളതല്ല. ( എം കാറ്റഗറി)

(3) സീറ്റുകൾ യാത്രക്കാർക്ക് കിടന്നുറങ്ങാനുള്ള സൗകര്യത്തിനായി ക്രമീകരിയ്ക്കുവാൻ സാധിയ്ക്കണം.

(4) ആഹാരം പാചകം ചെയ്യുവാനും സാധനങ്ങൾ സ്റ്റോർ ചെയ്യുവാനുമുള്ള സൗകര്യം ഉണ്ടായിരിയ്ക്കണം.

ഇ. കാരാവാൻ/ ക്യാമ്പിംഗ് ട്രെയിലർ വാഹനങ്ങളുടെ ത്രൈമാസ നികുതി ഒരു സ്ക്വയർ മീറ്ററിന് 1000/- രൂപ എന്ന നിരക്കിൽ ഈടാക്കേണ്ടതാണ്. (ട്രാൻസ്പോർട്ട്/നോൺ ട്രാൻസ്പോർട്ട് വിഭാഗങ്ങൾക്ക്). (ടാക്സേഷൻ ഷെഡ്യൂളിലെ ഐറ്റം നമ്പർ. 11(3) ).

എഫ്. കാരാവാൻ/ ക്യാമ്പിംഗ് ട്രെയിലറുകൾ സ്വന്തം ആവശ്യത്തിന് ഉപയോഗിയ്ക്കുന്നതിനായി അപേക്ഷ സമർപ്പിച്ചാൽ കാരാവാൻ/ ട്രെയിലർ ഫോർ പെർസണൽ യൂസ്( എൻ.റ്റി.വി) വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത് നൽകേണ്ടതാണ്. എന്നാൽ, ടി വാഹനം വാടകയ്ക്ക് നൽകുന്നതിനായി (ഫോർ ഹയർ ഓർ റിവാർഡ്) രജിസ്റ്റർ ചെയ്യുകയാണെങ്കിൽ ട്രാൻസ്പോർട്ട് വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതും കോൺട്രാക്ട് കാര്യേജ് പെർമിറ്റ് നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &
സെക്രട്ടറി, എസ്.റ്റി.എ., തിരുവനന്തപുരം.

ജെ.എസ്